# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2393** **08.12.2015- ൽ മറുപടിക്ക്**

## കൈത്തറി സഹകരണ സംഘങ്ങൾക്ക് റിബേറ്റ് കുടിശ്ശിക

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ഇ. ചന്ദ്രശേഖരൻ** | **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) കൈത്തറി രംഗത്തെ സഹകരണ സംഘങ്ങൾക്ക് റിബേറ്റ് ഇനത്തിൽ നിലവിൽ കുടിശ്ശിക തുക നൽകാനുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ എത്ര കാലത്തെ തുക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) ഹാന്റക്സ്, ഹാൻവീവ്, സംസ്ഥാനത്തെ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് റിബേറ്റ് കുടിശ്ശികയായി താഴെ പറയും പ്രകാരം 15,42,87,942/- രൂപ നൽകുവാനുണ്ട്. |

(തുക രൂപയിൽ)

| | 2012-13 | 2013-14 | 2014-15 | ആകെ |
|---|---|---|---|---|
| ഹാന്റക്സ് | പൂർണ്ണമായും അനുവദിച്ച് നൽകി | 94,75,697 | 3,09,89,464 | 4,04,65,161 |
| ഹാൻവീവ് | പൂർണ്ണമായും അനുവദിച്ച് നൽകി | 43,47,362 | അപേക്ഷ ലഭിച്ചിട്ടില്ല | 43,47,362 |
| പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ | 4,76,40,136 | 4,44,35,283 | 1,74,00,000 | 10,94,75,419 |
| ആകെ | 4,76,40,136 | 5,82,58,342 | 4,83,89,464 | 15,42,87,942 |

2011-12 സാമ്പത്തികവർഷം വരെയുള്ള റിബേറ്റ് തുക പൂർണ്ണമായും നൽകിയിട്ടുണ്ട്. 2012-13 മുതലുള്ള കാലയളവിലെ റിബേറ്റ് തുകകൾ അനുവദിക്കുവാനുണ്ട്.

| | |
|---|---|
| (സി)കുടിശ്ശിക വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ; | (സി) നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (ഡി)കുടിശ്ശിക തുക എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ഡി) 2015-16 സാമ്പത്തിക വർഷം 4.84 കോടി രൂപയാണ് ബഡ്ജറ്റ് വിഹിതമായി ലഭിച്ചത്. എന്നാൽ റിബേറ്റിനത്തിൽ നൽകുവാനുള്ള കുടിശ്ശിക തുക മുഴുവനും നൽകുന്നതിനായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ഈ വർഷം 10.16 കോടി രൂപ സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് മുഖാന്തിരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് റിബേറ്റ് വിതരണം ചെയ്യുന്നതാണ്. |

**സെക്ഷൻ ഓഫീസർ**